**"ഭരണഭാഷ മാതൃഭാഷ"**

നമ്പർ. ജി4-3350/2018/ഫാ&ബോ

"സുരക്ഷാ ഭവൻ"
ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്,
കുമാരപുരം, മെഡിക്കൽ കോളേജ്.പി.ഒ,
തിരുവനന്തപുരം - 11,
ഫോൺ: 0471-2441597,
ഇ-മെയിൽ: director@fabkerala.gov.in
തീയതി: 20-04-2018

**സർക്കുലർ 12/2018**

വിഷയം.- ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിൽ വരുത്തുന്നത് - സംബന്ധിച്ച്

സർക്കാർ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാത്തരം ചടങ്ങുകൾക്കും ഗ്രീൻ പ്രോട്ടോകോൾ ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ആസ്ഥാന ഓഫീസിൽ ശ്രീ.ആർ.ജയൻ, ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് (HQ) നോഡൽ ഓഫീസറായും, ശ്രീമതി. പി.എസ്.ബിന്ദുഅമ്മാൾ, സീനിയർ സൂപ്രണ്ട്, ശ്രീ.എം.പ്രമോദ്, ജൂനിയർ സൂപ്രണ്ട്, ശ്രീ.എസ്.സന്തോഷ്കുമാർ, ജൂനിയർ സൂപ്രണ്ട്, ശ്രീ.സജീന്ദ്രൻ.എസ്, സീനിയർ ക്ലർക്ക് എന്നിവർ അംഗങ്ങളായ ഓഫീസ്തല കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപറയുന്ന നിർദ്ദേശങ്ങൾ ഓഫീസിൽ കർശനമായി പാലിക്കേണ്ടതാണ്.

- ഭക്ഷണം കൊണ്ടു വരുന്ന എല്ലാ ജീവനക്കാരും വീണ്ടും ഉപയോഗിക്കാവുന്ന തരത്തിലുള്ള പാത്രങ്ങളിൽ ഭക്ഷണം കൊണ്ടു വരേണ്ടതാണ്. പ്ലാസ്റ്റിക് വസ്തുക്കളിൽ/കടലാസിൽ പൊതിഞ്ഞുള്ള ഭക്ഷണപദാർത്ഥങ്ങൾ ഒഴിവാക്കേണ്ടതാണ്
- പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്
- ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായും, അല്ലാതെയും നടക്കുന്ന എല്ലാത്തരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്നതും, പുന:ചംക്രമണത്തിനു വിധേയമാക്കാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിക്കേണ്ടതാണ്.
- ജൈവ/അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നിലവിൽ സ്ഥാപിച്ചിരിക്കുന്ന പ്രത്യേകം ബിന്നുകളിൽ ശേഖരിക്കേണ്ടതാണ്
- ജൈവമാലിന്യങ്ങൾ ശേഖരിച്ച് ഉറവിടത്തിൽ തന്നെ (ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച്) സംസ്കരിക്കേണ്ടതാണ്
- വകുപ്പ് സംഘടിപ്പിക്കുന്ന ചടങ്ങുകളിൽ തുണിബാനറുകളും ബോർഡുകളും മാത്രമേ ഉപയോഗിക്കാവൂ.

ഒപ്പ്
ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ

ഡയറക്ടറേറ്റിലെ എല്ലാ ജീവനക്കാർക്കും

എംഎസ്